സോൺ 2-ലും സോൺ 3-ലും ഉൾപ്പെട്ട വിതരണ ശൃംഖലയുടെ പണി 95% പൂർത്തീകരിച്ചു. പദ്ധതിക്കാവശ്യമായ പമ്പ് സെറ്റുകൾ സപ്ലൈ ചെയ്തു. ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റേയും ട്രാൻസ്ഫോർമർ മുറിയുടേയും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കിണറുകളിലെ ജലം ശുദ്ധമായി സംരക്ഷിക്കുന്നതിന് നടപടി

122 (6281) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിണറുകളിലെ ജലം ശുദ്ധമായി സൂക്ഷിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ ?

ഉത്തരം

ജലനിധി ഒന്നാംഘട്ടത്തിന്റെ ഭാഗമായി നിർമ്മിച്ച ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലം ശുദ്ധമായി സംരക്ഷിക്കുന്നതിനും ഗുണഭോക്താക്കൾക്ക് പരിശീലനം നൽകാറുണ്ട്. കൂടാതെ IEC യുടെ ഭാഗമായി ജലശുദ്ധിയെ സംബന്ധിക്കുന്ന കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

ഡാനിഡ പദ്ധതി പ്രകാരം സ്ഥാപിച്ച കുടിവെള്ള പദ്ധതി

123 (6282) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നെടിയിരുപ്പ് പഞ്ചായത്തിലെ ഡാനിഡ പദ്ധതി പ്രകാരം സ്ഥാപിച്ച കുടിവെള്ള പദ്ധതിയിൽ ആവശ്യത്തിന് ജലം ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് മലപ്പുറം പി. എച്ച്. ഡിവിഷൻ തയ്യാറാക്കിയ പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ആവശ്യത്തിന് ജലം ലഭിക്കുന്നില്ല. പ്രസ്തുത പദ്ധതി വിഭാവനം ചെയ്തത് കുഴൽ കിണറുകളെ ആശ്രയിച്ചായിരുന്നു. കുഴൽ കിണറുകളിൽനിന്നും പദ്ധതിക്ക് വിഭാവനം ചെയ്തതുപോലെ വെള്ളം ലഭിക്കാത്തതിനാൽ ഡാനിഡ പദ്ധതി പ്രകാരം സ്ഥാപിച്ച കുടിവെള്ള പദ്ധതി വിഷമഘട്ടത്തിലാണ്.

(സി) മലപ്പുറം പി.എച്ച്. ഡിവിഷൻ നിലവിൽ കൊണ്ടോട്ടി, നെടിയിരുപ്പ് പഞ്ചായത്തുകളിൽക്കൂടി വെള്ളമെത്തിക്കുന്നതിന് പ്രൊപ്പോസലുകളൊന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ കൊണ്ടോട്ടി, നെടിയിരുപ്പ് പഞ്ചായത്തുകളിൽ പൊതുവായി കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി 2010-11 ബഡ്ജറ്റിലെ മാന്ദ്യവിരുദ്ധ പാക്കേജിൽ ആകെ 5 പദ്ധതികൾക്കുവേണ്ടി 20.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly